LIBRARY ARCHIVES Kerala Legislative Assembly

പോലീസ് പിടിച്ചിട്ടിരിക്കുന്ന മണൽ ലോറികൾ

186 (6335) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ പോലീസ് സ്റ്റേഷനുകൾക്ക് സമീപം പിടിച്ചിട്ടിരിക്കുന്ന ലോറികളും അതിലുള്ള മണലുകളും ലേലം ചെയ്യുന്നതിന് രണ്ട് വർഷം മുൻപ് മന്ത്രിസഭായോഗത്തിനുശേഷം നടന്ന പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ച പ്രകാരം എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വിവിധ വകുപ്പുകൾ പിടിച്ചെടുത്ത വാഹനങ്ങൾ തീർപ്പാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2012-ൽ ഒരു റിവ്യൂ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കെട്ടിക്കിടക്കുന്ന വാഹനങ്ങളുടെ തീർപ്പാക്കൽ പുരോഗതി ടി കമ്മിറ്റി അവലോകനം ചെയ്യുന്നുണ്ട്. റിവ്യൂ കമ്മിറ്റിയുടെ തീരുമാനപ്രകാരം കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ തൊണ്ടി മുതലായി പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും 3-8-2013-ൽ നൽകിയിട്ടുമുണ്ട്.

കടലാക്രമണം നേരിടാൻ കരിങ്കല്ലുമായി വരുന്ന ലോറികൾ തടയുന്ന നടപടി

187 (6336) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണം തടയുന്നതിന് വിവിധ മേഖലകളിലേക്ക് കരിങ്കല്ലുമായി വരുന്ന ലോറികൾ പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി തടയുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം ലോറികൾ തടയുന്നതും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കരിങ്കല്ല് എത്തിക്കാതിരിക്കുന്നതുമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കരിങ്കല്ലുമായി വരുന്ന ലോറികൾ തടയരുതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.